## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6247 07.11.2016 ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേരളം അന്തർ സംസ്ഥാന ബസ് സർവ്വീസുമായി ബന്ധപ്പെട്ട് ഏതൊക്കെ സംസ്ഥാനങ്ങളുമായാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്; ഓരോ സംസ്ഥാനവുമായി എത്ര കരാർ ഉണ്ടെന്നും അവ ഏതൊക്കെയെന്നും വിശദമാക്കുമോ; | (എ) | തമിഴ്നാട്, കർണ്ണാടകം, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളുമായി അന്തർ സംസ്ഥാന സർവ്വീസുമായി ബന്ധപ്പെട്ട് കേരളം ഗതാഗത കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളും, കരാറിലേർപ്പെട്ട വർഷങ്ങളും താഴെക്കൊടുക്കുന്നു:<br>തമിഴ്നാട് : 1976, 1979, 1984, 1995, 1998, 2008<br>കർണ്ണാടകം: 1976, 1992, 2005, 2009<br>പോണ്ടിച്ചേരി : 1984 |
| (ബി) | അന്തർ സംസ്ഥാന കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്;<br>കെ.എസ്.ആർ.ടി.സി.യുടെ എത്ര ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ് പ്രസ്, ലോഫ്ലോർ ബസുകൾ ഇത്തരത്തിൽ സർവ്വീസ് നടത്തുന്നുണ്ട് എന്നു പറയാമോ; | (ബി) | അന്തർ സംസ്ഥാന കരാറിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ സർവ്വീസ് നടത്തുന്ന റൂട്ട്, ദൂരം, കിലോമീറ്റർ, ട്രിപ്പുകളുടെ ദൈർഘ്യം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉണ്ടായിരിക്കും. ടി വ്യവസ്ഥകൾക്ക് അനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. ബസ്സുകളുടെ തരം സംബന്ധിച്ച് അന്തർസംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. |
| (സി) | കരാറനുസരിച്ച് അന്യസംസ്ഥാനത്തെ എത്ര ബസുകൾ കേരളത്തിലേക്ക് സർവ്വീസ് നടത്തുന്നുണ്ടെന്ന് സംസ്ഥാനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | | തമിഴ്നാട്, കർണ്ണാടകം, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് കേരളത്തിലേക്ക് ബസ് സർവ്വീസ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 111 റൂട്ടുകളിലായി 279 ബസ് സർവ്വീസ് നടത്തുന്നതിന് കർണ്ണാടകയ്ക്കും, 139 റൂട്ടുകളിലായി 224 ബസ് സർവ്വീസ് നടത്തുന്നതിന് തമിഴ്നാടിനും, 2 റൂട്ടുകളിലായി 2 ബസ് സർവ്വീസ് നടത്തുന്നതിന് പുതുച്ചേരിയ്ക്കും (പോണ്ടിച്ചേരി) നിലവിലുള്ള അന്തർ സംസ്ഥാന കരാർ പ്രകാരം അനുവാദം ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അന്യസംസ്ഥാനത്ത് നിരവധി ആൾക്കാർ ജോലി തേടി പോവുകയും അന്യസംസ്ഥാനങ്ങളിൽ നിന്നും നിരവധി പേർ ജോലിയ്ക്കായി എത്തുകയും ചെയ്യുന്ന റാന്നിയുടെ കീഴിലുള്ള കെ.എസ്.ആ.ടി.സി. സബ് ഡിപ്പോയിൽ നിന്നും അന്യസംസ്ഥാന സർവ്വീസുകൾ ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | | കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന വ്യവസ്ഥകൾക്ക് അനുസരിച്ചാണ് അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. നിലവിൽ തമിഴ്നാട്, കർണ്ണാടകം, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളുമായുണ്ടാക്കിയ അന്തർ സംസ്ഥാന കരാറുകളിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ റാന്നിയിൽ നിന്ന് അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**